## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1504

14.6.2013- ൽ മറുപടിക്ക്

### കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; കോപ്പി ലഭ്യമാക്കുമോ? | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച കൃഷി ഭവനിൽ 18.5.2013-ലെ ജി.ഒ (എം.എസ്) നം.166/13/കൃഷി പ്രകാരം കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

പകർപ്പ്

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് – ജീവനക്കാര്യം – സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 20 കൃഷിഭവനുകളിൽ 40 അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

കൃഷി (ഇഎ) വകുപ്പ്

സ.ഉ (എം.എസ്) നം.166/13/കൃഷി തീയതി, തിരുവനന്തപുരം, 18.5.2013

---

പരാമർശം:- 1) ജി.ഒ.(എം.എസ്) 60/05/എ.ഡി. തീയതി 5.12.2012

2) 20.03.2007-ലെ 42000/ഇഎ 2/04/എ.ഡി നമ്പർ സർക്കാർ കത്ത്.

3) മുൻ കൃഷി ഡയറക്ടർ ശ്രീമതി ലിഡ ജേക്കബിന്റെ ടി.പി(2)42240/05 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് പരാമർശം ഒന്ന് പ്രകാരം പുതുതായി രൂപീകരിച്ച 20 കൃഷിഭവനുകളിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സാമ്പത്തിക നിയന്ത്രണം കണക്കിലെടുത്ത്, പുനർവിന്യാസം വഴി മാത്രമേ സാധിക്കുകയുള്ളൂ എന്ന പരാമർശം രണ്ടിലെ സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും, കർഷകസമൂഹത്തിന്റെയും ജനപ്രതിനിധികളുടേയും ദീർഘനാളത്തെ ആവശ്യം പരിഗണിച്ച് പുതുതായി രൂപീകരിച്ച 20 കൃഷിഭവനുകളിൽ 60 അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കണമെന്നും കൃഷി ഡയറക്ടർ പരാമർശം മൂന്നിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. 19.11.2003-ലെ ജി.ഒ (പി) 34/03/പി&എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിലൂടെ അധികമെന്ന് കണ്ടെത്തിയ 1040 കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക ഉൾപ്പെടെ 1185 തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കണമെന്ന് 20.12.2003-ലെ ജി.ഒ (എം.എസ്) 194/03/എഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിക്കുകയും എന്നാൽ പ്രസ്തുത 1185 തസ്തികകൾ ഭാഗികമായേ പുനർവിന്യസിച്ചിട്ടുള്ളൂ എന്ന കൃഷി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് 23.3.2005-ലെ ജി.ഒ (എം.എസ്) 40/05/എ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. ഇതിനിടെ 1040 കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചിട്ടില്ലായെന്നും പുതുതായി രൂപീകരിച്ച കൃഷിഭവനുകളിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിക്കാത്തതു കാരണം ധാരാളം ബുദ്ധിമുട്ടുകൾ പ്രസ്തുത കൃഷി ഭവനുകളിൽ അനുഭവിച്ചു വരുന്നുണ്ടെന്നും അത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും ആയതിനാൽ

പുതിയതായി രൂപീകരിച്ച 20 കൃഷി ഭവനുകളിൽ 40 കൃഷി അസിസ്റ്റന്റ് തസ്തികകൾ അടിയന്തിരമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കണമെന്ന് കൃഷി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൃഷി വകുപ്പിന്റെ ഇപ്പോഴത്തെ മാനദണ്ഡമനുസരിച്ച് ഓരോ ഗ്രാമപഞ്ചായത്തിലും ഒരു അഗ്രികൾച്ചറൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു കൃഷിഭവനം. 2800 കർഷക കുടുംബങ്ങളിൽ കൂടുതലുള്ള പഞ്ചായത്തിൽ ടിയാനെ സഹായിക്കുന്നതിനായി 3 അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരും 2800-ൽ കുറവുള്ളിടത്ത് രണ്ട് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുമാണ് നിലവിലുള്ളത്. എന്നാൽ പുതുതായി രൂപീകരിച്ച 20 കൃഷിഭവനുകളിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ സഹായമില്ലാതെ കൃഷി ഓഫീസർമാരുടെ മാത്രം നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമൂലം കൃഷി ഭവനുകളുടെ പ്രവർത്തനത്തെയും കാര്യക്ഷമതയെയും മോശമായി ബാധിക്കുന്നുവെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 20 കൃഷിഭവനുകളിൽ 40 അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.ആർ.ജ്യോതിലാൽ,**
**സെക്രട്ടറി.**

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( നം.81073/എ.ഡബ്ല്യു.എ 2/12/ധന, തീയതി.19.11.2012)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (നം.10410/എ.ആർ 6/(2)/12/ഉഭപവ )
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (നം.17864/എ 1/10/Plg തീയതി 5.1.11)
ഐ & പി.ആർ വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.